


**പാർശ്വവർത്തികളെ നിർമ്മിച്ച നേതാവായിരുന്നു കരുണാകരൻ. ജനാധിപത്യമര്യാദകളെ വിസ്മരിച്ച ഒരാൾക്ക് പിന്നീട് കർമ്മനിരതനാകാൻ കഴിയുന്നത് പാർശ്വവർത്തികളുടെ മദ്ധ്യത്തിൽ മാത്രമായിരിക്കുമെന്ന്**

**എസ്. ഭാസുരേന്ദ്രബാബു**

# കരുണാകരൻ മിത്തും ചരിത്രവും

കരുണാകരന്റെ മരണം അപ്രതീക്ഷിതമായിരുന്നില്ല. ആകസ്മികവുമായിരുന്നില്ല. മരിക്കുമ്പോൾ കരുണാകരന് 93 വയസ്സ് പ്രായമുണ്ടായിരുന്നു. സ്വാഭാവിക ഗതിയിൽ മരണം സംഭവിക്കാവുന്ന പ്രായം തന്നെയാണത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി അസുഖബാധിതനായിരുന്നു അദ്ദേഹം. മാത്രമല്ല ആശുപത്രി കിടക്കയിൽ ദിവസങ്ങളോളം കിടന്നശേഷമാണ് അദ്ദേഹം മരിച്ചത്. കരുണാകരൻ ഒരു വലിയ നേതാവായിരുന്നു. ആ അർത്ഥത്തിൽ ഒരു വലിയ മരണമാണ് അദ്ദേഹത്തെ ഗ്രസിച്ചത് എന്നു പറയാം. ഒരു വലിയ മരണത്തിനു വേണ്ട തയ്യാറെടുപ്പും സന്നാഹമൊരുക്കലും നടത്താൻ വേണ്ടുവോളം സമയം ഈ മരണം പത്രക്കാർക്കും കുടുംബാംഗങ്ങൾക്കും മറ്റു വിഭാഗങ്ങൾക്കും നൽകുകയും ചെയ്തു. തികഞ്ഞ ചാരിതാർത്ഥ്യത്തോടെയാണ് കരുണാകരൻ കടന്നു പോയത്.

ദാർശനികമായി പറഞ്ഞാൽ ജീവിതം ഹ്രസ്വമാണ്. എന്നാലും നെരൂദ പാടിയതുപോലെ ഹ്രസ്വമായ ജീവിതാനുഭവങ്ങളെച്ചൊല്ലിയുള്ള അനുസ്മരണങ്ങൾ ദീർഘവുമായിരിക്കും. ഓർമ്മയിൽ ജീവിക്കുന്ന കരുണാകരൻ എപ്രകാരമായിരിക്കും അനുസ്മരിക്കപ്പെടുക. ചരിത്രം ജീവിച്ചിരിക്കുന്നവർക്ക് കരുതിവച്ചിരിക്കുന്ന ഏതു പ്രതിസന്ധി ബോധത്തിലായിരിക്കും ഈ വലിയ നേതാവ് എപ്പോഴെങ്കിലും ഓർക്കപ്പെടുക? ജീവിതം ഒരു അനുഭവമാണെങ്കിൽ ഈ ഉള്ളവന്റെ തലമുറ എങ്ങനെയായിരിക്കും കരുണാകരനെ ഓർക്കുക?

കെ. കരുണാകരൻ എന്ന രാഷ്ട്രീയ നേതാവിനെപ്പറ്റിയുള്ള പരാമർശം കേരള രാഷ്ട്രീയത്തിൽ 1967 മുതലാണ് ആരംഭിക്കുന്നത്. 1967 ലെ തെരഞ്ഞെടുപ്പിൽ സി.പി. എമ്മിന്റെ ആഭിമുഖ്യത്തിലുള്ള സപ്തമുന്നണിക്ക് 114 സീറ്റുകൾ ലഭിച്ചു. അന്നത്തെ പ്രതിപക്ഷം നാമമാത്രമായിരുന്നു. കോൺഗ്രസിന് 9 അംഗങ്ങളാണുണ്ടായിരുന്നത്. ആ 9 അംഗ പ്രതിപക്ഷ ഗ്രൂപ്പിന്റെ നേതാവായി തെരഞ്ഞെടുക്കപ്പെട്ടത് കരുണാകരനായിരുന്നു. അന്ന് കരുണാ

കരൻ പ്രതിപക്ഷ നേതാവായിരുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ ജീവിതഗതി തന്നെ എന്താകുമായേനെ എന്ന് പ്രവചിക്കാനാവില്ല. എന്നാൽ 1967 നു ശേഷം കേരള രാഷ്ട്രീയത്തിൽ കരുണാകരൻ അറിയപ്പെട്ടത് 'ലീഡർ' എന്ന വാക്കിലൂടെയാണ്. കോൺഗ്രസിനുള്ളിൽ ലീഡർ എന്നാൽ കരുണാകരൻ എന്ന ഒരു അർത്ഥതലം തന്നെ ആ വാക്ക് ഉൽപാദിപ്പിച്ചു. പിൽക്കാലത്ത് ചോദ്യം ചെയ്യാനാകാത്ത ആധിപത്യം പാർട്ടിയിലും വിളിപ്പേരിലും സമ്മാനിച്ച ആ പ്രതിപക്ഷ നേതൃപദവി തികച്ചും യാദൃശ്ചികവും ഭാഗ്യത്തിന്റെ കടാക്ഷവുമായിരുന്നു എന്ന് ചെറിയാൻ ഫിലിപ്പ് അനുസ്മരിച്ചിട്ടുണ്ട്. ആ ഭാഗ്യജാതകത്തിന്റെ നാൾവഴി ഇങ്ങനെയാണ്. കോൺഗ്രസിന്റെ അന്നത്തെ 9 അംഗ ടീമിൽ പ്രമുഖൻ അലക്സാണ്ടർ പറമ്പിത്തറയായിരുന്നു. മുൻ സ്പീക്കർ കൂടിയായിരുന്ന അദ്ദേഹത്തിന് ഭരണ പരിചയവും പാർലമെന്ററി സംവിധാനത്തിന്റെ കീഴ്‌വഴക്കങ്ങളും അറിയാമായിരുന്നു. കഴിവുകളുടെ അടിസ്ഥാനത്തിലാണെങ്കിൽ അലക്സാണ്ടർ പറമ്പിത്തറ പ്രതിപക്ഷ നേതാവ് ആകേണ്ടയാളായിരുന്നു. എന്നിട്ടും കെ. കരുണാകരന് നറുക്ക് വീണതെങ്ങനെ? അന്ന് കെ. കരുണാകരൻ കൊച്ചി പ്രദേശത്ത് മാത്രം അറിയുന്ന നേതാവായിരുന്നു. ഐ. എൻ. ടി.യു. സിയുടെ സംസ്ഥാന സെക്രട്ടറിയായിരുന്നു. തൃശ്ശൂർ ഡി.സി.സി. സെക്രട്ടറിയായിരുന്നു. അതിനപ്പുറം ഭരണപരിചയമോ ബഹുജന പരിചയമോ അദ്ദേഹത്തിനുണ്ടായിരുന്നില്ല. എങ്കിലും നേതൃസ്ഥാനത്തേക്ക് പരിഗണിക്കപ്പെടുന്നതിന് അദ്ദേഹത്തെ പിന്തുണച്ചത് നായർ സമുദായാംഗം എന്ന മികവായിരുന്നു. കോൺഗ്രസിന്റെ ഒരു രീതിയായിരുന്നു അത്. കെ. പി. സി. സി പ്രസിഡന്റ് ക്രിസ്ത്യാനിയാണെങ്കിൽ പാർലമെന്ററി പാർട്ടി നേതാവ് നായരായിരിക്കണം എന്ന ഒരു രീതി കോൺഗ്രസ് പണ്ടേക്കുപണ്ടേ കേരളത്തിൽ വികസിപ്പിച്ചെടുത്തിരുന്നു. 1967 ൽ കെ. പി. സി. സി പ്രസിഡന്റ് കെ.സി.എബ്രഹാം ആയിരുന്നു. അതിനാൽ പാർലമെന്ററി പാർട്ടി നേതൃത്വത്തിലേക്ക് ഒരു



വര - വി. മോഹനൻ

ക്രിസ്ത്യാനിയെ പരിഗണിക്കുക അസാധ്യമായിരുന്നു. അന്ന് രണ്ടു നായർ സമുദായാംഗങ്ങൾ കോൺഗ്രസ് എം. എൽ. എ മാരായുണ്ടായിരുന്നു. കെ. കരുണാകരനും ഗോപാല കൃഷ്ണൻ നായരും. അക്കൂട്ടത്തിൽ സീനിയർ കരുണാകരനായിരുന്നു. കരുണാകരനെ കേരള രാഷ്ട്രീയത്തിന്റെ ഔന്നത്യങ്ങളിലേക്ക് കൈപിടിച്ചുയർത്തിയ ഭാഗ്യജാതകം ഇതായിരുന്നു. അന്ന് കോൺഗ്രസിൽ നിലനിന്നിരുന്ന ഒരു രീതി പാർട്ടി പ്രസിഡന്റിനെ പ്രസിഡന്റ് എന്നവാക്കുകൊണ്ട് മാത്രം വിവക്ഷിക്കലായിരുന്നു. അതുപോലെ പാർലമെന്ററി പാർട്ടി ലീഡറെ 'ലീഡർ' എന്ന വാക്കുകൊണ്ടുമാത്രം തിരിച്ചറിയുമായിരുന്നു. അവിചാരിതമായ ഈ ലീഡർ പ്രയോഗമാണ് കരുണാകരൻ പിൽക്കാലത്ത് തന്റെ ജീവിതത്തിന്റെ കയ്യൊപ്പാക്കിമാറ്റിയതെന്ന് ചെറിയാൻ ഫിലിപ്പ് അനുസ്മരിക്കുന്നു.

യാദൃശ്ചികതകളുടെ ഉൽപ്പന്നമായിരുന്നു കരുണാകരനെങ്കിൽ പിൽക്കാലത്ത് നിരന്തരം യാദൃശ്ചികതകളുടെ ഉൽപ്പാദകനായി മാറുകയും ചെയ്ത നേതാവായിരുന്നു കരുണാകരൻ. കരുണാകരന്റെ അപ്രമാദിത്വത്തിന്റെ കീഴിൽ ഏതു കോൺഗ്രസുകാരൻ എപ്പോൾ എന്തായിത്തീരുമെന്ന് ആർക്കും പ്രവചിക്കാൻ കഴിയുമായിരുന്നില്ല. അപ്രതീക്ഷിതമായി പൊതുവിൽ പറഞ്ഞാൽ അയോഗ്യരായ ആളുകൾ പൊടുന്നനെ അധികാരത്തിലേറുന്നത് കരുണാകരന്റെ കാലത്താണ് നാം ധാരാളമായി കണ്ടത്. കരുണാകരൻ വിചാരിച്ചാൽ രമേശ് ചെന്നിത്തല മന്ത്രിയാകും, ജി. കാർത്തികേയൻ കെ.പി.സി.സി. പ്രസിന്റാകില്ല. കെ. മുരളീധരൻ എം.പിയാകും തുടങ്ങി എന്തെല്ലാം മറിമായങ്ങളാണ് അന്നു നടന്നത്. ഒരു നേതാവും അദ്ദേഹത്തിന്റെ പ്രവൃത്തികളും പ്രവചനാതീതമായിത്തീരണമെങ്കിൽ ആ നേതാവിന് രാഷ്ട്രീയമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഗൗരവതരമായ എന്തോ ഒരു കുറവുണ്ടാകണം. കെ. കരുണാകരന് അതുണ്ടായിരുന്നു. അധികാരത്തിന്റെ ഇടനാഴികളിലൂടെ സഞ്ചരിച്ചപ്പോൾ കരുണാകരൻ എന്ന നേതാവ് ചവിട്ടി മെതിച്ചത് ജനാധിപത്യപരമായ മര്യാദകളും കീഴ്‌വഴക്കങ്ങളുമാണ്. വളരെ പ്രഗത്ഭമതികളായ മലയാളികൾ പോലും കരുണാകരന്റെ ചടുലവേഗത്തെ ഭരണ നിപുണതയായി

തെറ്റിദ്ധരിച്ചിട്ടുണ്ട്. പലപ്പോഴും ഭരണരംഗത്ത് പുലർത്തേണ്ട ജനാധിപത്യപരമായ സമീപനത്തെ സംബന്ധിച്ച അജ്ഞതയാണ് കരുണാകരന്റെ കാര്യത്തിൽ ഭരണപാടവമായി തെറ്റിദ്ധരിക്കപ്പെട്ടത്.

സമുദായാംഗം എന്ന പരിഗണന അധികാരത്തിലേറാൻ കരുണാകരനെ സഹായിച്ചിട്ടുണ്ട് അതുകൊണ്ട് എക്കാലവും സാമുദായിക രാഷ്ട്രീയത്തിന്റെ ഗണിതശാസ്ത്രം പ്രയോഗിച്ച ആളായിരുന്നു അദ്ദേഹം. വളരെ വേഗത്തിൽ സഞ്ചരിക്കുന്ന രാഷ്ട്രീയ ഭരണാധികാരി എന്ന രാഷ്ട്രീയ പരിവേഷം കരുണാകരനുണ്ടായിരുന്നു. പോലീസുകാരുടെ പൈലറ്റു വാഹനങ്ങളാൽ ആക്രമിച്ചു കീഴടക്കിയ തെരുവിന്റെ ശൂന്യതയിലൂടെ ശരവേഗത്തിൽ ചൂളം വിളിച്ചു പോകുന്ന കരുണാകരന്റ മോട്ടോർ കേഡ് ഒരു പതിവുദൃശ്യമായിരുന്നു. മുഖ്യമന്ത്രിയുടെ വാഹനം തട്ടിമരിച്ച മലയാളികളുടെ എണ്ണത്തിന്റെ റെക്കോർഡ് കരുണാകരന് മാത്രം അവകാശപ്പെട്ടതാണ്. കേരളത്തിന്റെ ഹൈവേകളിലൂടെ ഈ മുൻമുഖ്യമന്ത്രി നടത്തിയ ഓട്ടപ്പാച്ചിലുകളുടെ എന്തുഗുണമാണ് ഭരണനേട്ടമായി മലയാളികൾക്ക് ലഭിച്ചത് ? ഭരണ നിലനിർത്തുന്ന സമുദായാചാര്യന്മാരുടെ കേന്ദ്രങ്ങൾ മലപ്പുറത്തും പെരുന്നയിലും വർക്കലയിലുമായിരിക്കുമ്പോൾ രാക്കുരാമാനം അവിടെയൊക്കെ എത്തിച്ചേരണമെങ്കിൽ ഒരു മുഖ്യന്ത്രിക്ക് മാലോകരെ പേടിപ്പിക്കുന്ന രീതിയിൽ കൂകിപ്പായേണ്ടതുണ്ടായിരുന്നു. പാവം മലയാളി അതും ചടുലമായ ഭരണ നിപുണിയായാണ് തെറ്റിദ്ധരിച്ചത്.

പാർശ്വവർത്തികളെ നിർമ്മിച്ച നേതാവായിരുന്നു കരുണാകരൻ. ജനാധിപത്യമര്യാദകളെ വിസ്മരിച്ച ഒരാൾക്ക് പിന്നീട് കർമ്മനിരതനാകാൻ കഴിയുന്നത് പാർശ്വവർത്തികളുടെ മദ്ധ്യത്തിൽ മാത്രമായിരിക്കും. ധാരാളം പ്രകീർത്തങ്ങൾ കേൾക്കാനാകും എന്നത് ഈ അവസ്ഥയുടെ നേട്ടമാണ്. എന്നാൽ അധികാരത്തിന്റെ നിറപ്പകിട്ട് നിലനിൽക്കുമ്പോൾ മാത്രമാണ് പാർശ്വവർത്തികൾ കൂടെയുണ്ടായിരിക്കുക. കരുണാകരന്റെ പതനകാലത്ത്

**മുഖ്യമന്ത്രിയുടെ വാഹനം തട്ടിമരിച്ച മലയാളികളുടെ എണ്ണത്തിന്റെ റെക്കോർഡ് കരുണാകരന് മാത്രം അവകാശപ്പെട്ടതാണ്. കേരളത്തിന്റെ ഹൈവേകളിലൂടെ ഈ മുൻമുഖ്യമന്ത്രി നടത്തിയ ഓട്ടപ്പാച്ചിലുകളുടെ എന്തുഗുണമാണ് ഭരണനേട്ടമായി മലയാളികൾക്ക് ലഭിച്ചത് ?**

അദ്ദേഹം വളർത്തി വലുതാക്കിയ പാർശ്വവർത്തികളാരും തന്നെ കൂടെയുണ്ടായിരുന്നില്ല എന്നതും ഒരു വസ്തുത മാത്രമാണ്.

ഭരണത്തിലിരുന്ന കാലത്ത് ചടുലതുടെയോ ജനകീയതയുടേയോ ഒരു പരിവേഷവും ചാർത്തിക്കിട്ടാത്ത ഒരു നേതാവായിരുന്നു അച്യുതമേനോൻ. എന്നാൽ പിൽക്കാലത്ത് അദ്ദേഹത്തിന്റെ ശ്രമഫലമായി കേരളത്തിലുണ്ടായ മഹത്തായ സ്ഥാപനങ്ങളുടെ പേരിൽ വികസന അജണ്ടയുടെ ഒരു ഗ്രാഫു തന്നെ നമുക്ക് വരയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. മിത്തുകളിൽ നേതാക്കൾ ജീവിച്ചുകൊണ്ടിരുന്ന കാലത്ത് യാഥാർത്ഥ്യങ്ങളിൽ ജീവിക്കാൻ ആഗ്രഹിച്ചയാളായിരുന്നു അച്യുതമേനോൻ അതിനാൽ പാർശ്വവർത്തികളെ സൃഷ്ടിച്ച് രൂപപ്പെടുത്തുന്ന മിത്തുകളിലെ കഥാനായകനാകാൻ അദ്ദേഹം ശ്രമിച്ചില്ല. ശരിയായാലും തെറ്റായാലും താൻ വിശ്വസിച്ച് ആശ്രയിച്ച ഒരു ചരിത്രബോധത്തോട് പൊരുത്തപ്പെട്ടു പോകാനാണ് അച്യുതമേനോൻ ശ്രദ്ധിച്ചത്. കരുണാകരനാകട്ടെ നേരെതിരിഞ്ഞ ഒരു രീതിയാണ് സ്വീകരിച്ചത്. അധികാരമെന്നത് കരുണാകരന് ഒരു തുറസ്സായിരുന്നില്ല. മറിച്ച്, ഉപജാപകത്തിന്റെ ഇടനാഴിയായിരുന്നു. ഭരണമെന്നത് അദ്ദേഹത്തിന് ജനാധിപത്യമര്യാദകളുടെയും കീഴ് വഴക്കങ്ങളുടെയും പ്രയോഗ ക്ഷമതയായിരുന്നില്ല. മറിച്ച് പാർശ്വവർത്തി പ്രീണനവും താൻപോരിമയുമായിരുന്നു.

എന്നിട്ടും കരുണാകരന് ലഭിക്കുന്ന അനന്യ സാധാരണമായ ഒരു ജനഹിത പ്രതിഛായയുണ്ട്. മലയാളികളുടെ മാധ്യമലോകം സൃഷ്ടിച്ച ഒരു നിസ്സാരതയാണ് അതെങ്കിൽ കൂടി എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നു എന്നത് കരുണാകരന്റെ തിരോധാനത്തിനു ശേഷമെങ്കിലും മലയാളി ആത്മപരിശോധന നടത്തേണ്ട വിഷയമാണ്. കരുണാകരന്റെ മരണം സംഭവ ബഹുലമായ ഒരു സവിസ്തരാധിപത്യത്തിന്റെ ജീവിതമാണ് നമ്മെ ഓർമ്മിപ്പിക്കുന്നതെങ്കിൽ ആ ഓർമ്മകളിൽ ഈ ആത്മപരിശോധനകളും ഉണ്ടാകണമെന്നാണ് എനിക്ക് തോന്നുന്നത്. കരുണാകരന്റെ വിജയങ്ങളെ മാറ്റി നിർത്തി മരണാനന്തരമെങ്കിലും നമുക്കദ്ദേഹത്തെ മൺമറഞ്ഞ ഈച്ചര വാര്യരുമായി ചേർത്ത് ചിന്തിക്കാം. അങ്ങനെ വരുമ്പോൾ അദ്ദേഹത്തിന്റെ പാർട്ടിയും അധികാര ജീവിതവും പിൻഗാമികളും ഒന്നും ഇഷ്ടപ്പെടാത്ത ഒരു സാഹചര്യമായിരിക്കും സംജാതമാകുക. എങ്കിലും ഭാവിയിൽ കരുണാകരനെക്കുറിച്ച് ചിന്തിക്കുമ്പോൾ ആ ചിന്ത ഉറവയെടുക്കേണ്ട ഒരു തലം ഈച്ചര വാര്യരും കൂടെച്ചേർന്നായിരിക്കണം എന്നും ഞാൻ ആഗ്രഹിക്കുന്നു. ജീവിതം മുഴുവൻ മിത്തുകളിലെ നായകനായി കഴിഞ്ഞിരുന്ന ഒരാൾക്ക് കുലപതിയുടെ പതനത്തിലെന്നപോലെ കടുത്ത ഏകാന്തതയും രോഗപീഢയും സംഭവിക്കുക സ്വാഭാവികം. സ്വയം തിരിച്ചറിയാതെ പോയവരെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തിക്കൊടുക്കുക എന്ന നിയോഗവും ചരിത്രത്തിലുണ്ടല്ലോ. ആ ചരിത്രത്തിന്റെ തലത്തിലാണ് കരുണാകരനും ഈച്ചരവാര്യരും അഭിമുഖം വരുന്നത്.


**ജൈവഅരി വില്പനയ്ക്ക്**

രാസവളങ്ങളും കീടനാശിനികളുമില്ലാതെ സീറോബജറ്റ് നാച്യുറൽ ഫാമിംഗ് രീതിയിൽ വിളയിച്ച നെല്ലിന്റെ അരി തയ്യാർ.

**കരീം. കെ. പുറം**
**9495040513**